മെട്രോ വാർത്ത LIFE



എഴുപതു വർഷത്തെ ജലജീവിതം അവസാനിപ്പിച്ച് യുദ്ധവിമാനം പൂർണമായും തടാകത്തിൽ നിന്ന് പുറംലോകത്തേക്കു വന്നു, മഹായുദ്ധത്തിന്റെ ഓർമകളുമായി...

P16



ശനിയാഴ്ച ചെന്നൈയിൽ വിപുലമായ വിരുന്ന്. മധുവിധു യാത്ര കരീബിയൻ ദ്വീപുകളിലേക്കാണ്. തിരിച്ചെത്തിയാൽ ജുഹു താര റോഡിലെ പുതിയ വീട്ടിലേക്ക് സിദ്ധാർഥും വിദ്യയും താമസം മാറും.

P19

2012 ഡിസംബർ 14 വെള്ളി | മെട്രോ വാർത്തയ്ക്കൊപ്പം വാർത്ത ലൈഫ് | കൊച്ചി, തിരുവനന്തപുരം, കോഴിക്കോട്, തൃശൂർ



snaps:**manu shelly**

**പാരീസിൽ നിന്നെത്തിയ അക്കിത്തം നാരായണൻ തന്റെ ചിത്രങ്ങളുടെ പ്രദർശനത്തിനു നാരായണൻ ആദ്യം വേദിയാക്കിയത് നാണപ്പ ആർട്ട് ഗ്യാലറി തന്നെ.**

# സൗഹൃദത്തിന്റെ ജോമെട്രിക് വരകൾ....

**ടി. എസ്. നൗഫിയ**

**ലോ**കത്തിന്റെ പലയിടങ്ങളിൽ നിന്നായി ഇന്നോളം കേട്ടിട്ടു പോലുമില്ലാത്ത, ചിത്രകാരന്മാർ എന്ന് അവകാശപ്പെടുന്ന ചിലർ കൊച്ചിയിൽ എത്തിക്കൊണ്ടിരിക്കുന്നു. കോടികൾ ചെലവിടുന്ന ആ മാമാങ്കങ്ങൾക്കു മറുവശത്ത് ചിത്രകലയെ മനസിൽ ആവാഹിച്ചു ജീവിക്കുന്ന മറ്റു ചിലർ അവരുടെ ചെറിയ ഗ്യാലറിയിൽ, ചെറിയ മോഹങ്ങൾ സാക്ഷാത്കരിക്കുന്നു. ലോകമറിയുന്ന ചിത്രകാരനാണ് അക്കിത്തം നാരായണൻ. അടുത്ത സുഹൃത്താണ് ചിത്രകാരൻ ടി. കലാധരൻ. തന്റെ നാണപ്പ ആർട് ഗ്യാലറിയിൽ അക്കിത്തം നാരായണന്റെ ചിത്രങ്ങൾ പ്രദർശിപ്പിക്കണം എന്നത് കലാധരന്റെ ആഗ്രഹമായിരുന്നു.

പാരീസിൽ നിന്നെത്തിയ അക്കിത്തം നാരായണൻ തന്റെ ചിത്രങ്ങളുടെ പ്രദർശനത്തിനു നാരായണൻ ആദ്യം വേദിയാക്കിയത് എറണാകുളത്തെ നാണപ്പ ആർട്ട് ഗ്യാലറി തന്നെ. ഏറെ നാളത്തെ കലാധരന്റെ ആവശ്യം സാധിച്ചു കൊടുത്തതാകട്ടെ 12-12-12 എന്ന സവിശേഷ ദിനത്തിലും...

താന്ത്രിക് രീതിയിലാണ് അക്കിത്തം വരച്ചു തുടങ്ങിയത്. പിന്നീട് ചില മാറ്റങ്ങൾ വരയിലും കണ്ടു തുടങ്ങി. ജോമെട്രിക് രീതിയിൽ കളങ്ങൾ നിരത്തിയാണിത്. ഭാരതീയമായ സ്വാധീനമാകും ചിത്രകലയിലെ മാറ്റങ്ങൾ നിറഞ്ഞ രീതിയിലേക്കു കടക്കാൻ പ്രേരിപ്പിച്ചതെന്നു അക്കിത്തം നാരായണൻ പറയുന്നു. 1996 മുതൽ വരച്ച ചിലതുണ്ട് ഈ പ്രദർശനത്തിൽ. മറ്റു ചിലത് പ്രദർശനത്തിനു വേണ്ടി ഈ അടുത്ത കാലത്തു വരച്ചതാണ്. പതിമൂന്ന് എണ്ണച്ചായ ചിത്രങ്ങളാണു നാണപ്പ ആർട്ട് ഗ്യാലറിയിൽ ചിത്രങ്ങളെ സ്നേഹിക്കുന്നവർക്കായി കാത്തിരിക്കുന്നത്. ഓർത്തിക് ക്രിയേറ്റീവ് സെന്റിന്റെ ആഭിമുഖ്യത്തിലുള്ള ചിത്രപ്രദർശനം മുപ്പത് സമാപിക്കും.

താന്ത്രിക് പെയ്ന്റിങ്ങിനോടു സമാനമായി കളങ്ങളിൽ ചുവപ്പും കടുത്ത പച്ചയും കറുപ്പും വിരിയിച്ചാണു ചിത്രങ്ങളധികവും. കടുത്ത നിറങ്ങളിൽ വരച്ച ചിത്രങ്ങളാണധികവും. ഇതിൽ

*ശേഷം* P14

*നാണപ്പ ആർട് ഗ്യാലറിയിൽ പ്രദർശിപ്പിച്ചിരിക്കുന്ന അക്കിത്തം നാരായണന്റെ ചിത്രങ്ങളിൽ ചിലത്*









പ്രദർശനത്തിൽ നിന്നുള്ള ചിത്രങ്ങളിൽ നിന്ന്

**ചില സൗഹൃദങ്ങളും മനസിനെ പിടിച്ചു വലിക്കുന്നുണ്ട് ഈ മണ്ണിലേക്ക്... ഓർമകളുടെ നിറക്കൂട്ടുകൾ ചിത്രങ്ങൾ വരച്ചിട്ടിരിക്കുന്ന ഈ മണ്ണിലേക്ക്...**

അക്കിത്തം നാരായണൻ

# സൗഹൃദത്തിന്റെ വരകൾ....

13ാം പേജിൽ നിന്ന്

നിന്നു വ്യത്യസ്തമായി ചിലതിൽ ഇളം നിറങ്ങളുടെ ഭംഗിയും കാണാം. ഇളം നിറത്തിലുള്ള ചിത്രങ്ങൾ മഞ്ഞയും വെള്ളയും ചേർത്താണു വരച്ചിരിക്കുന്നത്. ഭാരതീയ തത്വചിന്തകളിലും ദർശനങ്ങളിലും അധിഷ്ഠിതമായ ശൈലിയാണു നാരായണന്റെ ചിത്രങ്ങളിലധികവും കാണുക. കഴിഞ്ഞ ഓഗസ്റ്റിൽ നാട്ടിൽ വന്നപ്പോൾ വരച്ച ചിത്രങ്ങളും കൂട്ടത്തിലുണ്ട്. കേരളത്തിൽ ചിത്രപ്രദർശനങ്ങൾക്കായി തന്റെ വരകൾ ആദ്യമായാണു നൽകുന്നതെങ്കിലും കേരളത്തിനു വെളിയിൽ സൃഷ്ടികൾ ധാരാളം പ്രദർശിപ്പിച്ചിട്ടുണ്ട്. ഇന്ത്യയിൽ എവിടെ ചിത്രപ്രദർശനം നടത്തിയാലും നാരായണൻ കേരളത്തിൽ വന്നിട്ടേ പാരീസിലേക്കു മടങ്ങൂ. തറവാട്ടിലേക്കെത്തിയാൽ പിന്നെ എന്തെങ്കിലും വരച്ചേ മതിയാകൂവെന്നതും ഇദ്ദേഹത്തിന്റെ ചില ഇഷ്ടങ്ങളിലൊന്ന്. ഡൽഹി, മുംബൈ, ചെന്നൈ എന്നിവിടങ്ങളിലെ ആർട് ഗ്യാലറികളിലേക്കാണു ഇനി ചിത്രകാരന്റെ യാത്ര.

സ്വന്തം നാട്ടിൽ നിന്നകലെയാണെങ്കിലും നിറങ്ങൾ ചാലിക്കുമ്പോൾ ഭാരതീയ ചിന്തകൾ താനേ വരകളിലേക്കെത്തും. പാരീസിലെ പ്രകൃതിയും കാലാവസ്ഥയുമൊക്കെ ആകർഷിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിലെ മരങ്ങളിലും ചെടികളിൽ നിന്നൊക്കെ ഏറെ വ്യത്യസ്തമാണു പാരീസിലെ പ്രകൃതി കാഴ്ച്ചകളെന്നും നാരായണൻ. ചിത്രങ്ങളുടെ വരയിൽ കാലമേറുന്തോറും മാറ്റങ്ങൾ വന്നേക്കും. പുതിയ പ്രവണതകളൊക്കെ വരകളിലേക്കു കടന്നു കൂടുമെന്നും ചിത്രകാരൻ.

ഇരുപത്തഞ്ചു വർഷം മുൻപു നാരായണന്റെ ഗ്രാഫിക് ചിത്രങ്ങൾ കേരളത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഇതേ വേദിയിൽ. നാണപ്പ ആർട്ട് ഗ്യാലറിയെന്നല്ല, കലാപീഠം എന്ന പേരിൽ അറിയപ്പെട്ടിരുന്ന കാലത്താണതെന്നു ചിത്രകാരൻ ഓർമമിക്കുന്നു.

കുമരനെല്ലൂരിൽ ജനിച്ച നാരായണൻ പത്താം ക്ലാസ് കഴിഞ്ഞാണു ചിത്രപഠനത്തിലേക്കു തിരിയുന്നത്. ചിത്രകലയിൽ ഡിപ്ലോമയ്ക്കു ശേഷം ഡൽഹിയിലേക്ക്. ചിത്രകാരന്മാരുടെ സ്ഥിരം വേദിയായ ചോളമണ്ഡലം വില്ലേജിന്റെ സ്ഥാപകരിൽ ഒരാളാണു ഇദ്ദേഹം. സ്കോളർഷിപ്പ് ലഭിച്ചാണു ഫ്രാൻസിലേക്കു പോയത്. ഇവിടെ നിന്നാണു ജീവിതസഖിയെ കണ്ടെത്തിയത്. സ്റ്റുഡന്റ് ക്യാംപസിൽ വെച്ചാണു സച്ചിക്കോയെ ആദ്യമായി കണ്ടുമുട്ടിയത് നാരയണൻ വിശദീകരിച്ചു. അവരുടെ സംഗീതത്തെ എനിക്കും എന്റെ ചിത്രങ്ങളെ സച്ചിക്കോയും സ്നേഹിച്ചു തുടങ്ങിയതോടെ ഭാഷയുടെയും നാടിന്റെയും അതിർവരമ്പുകളെ പിന്നിലാക്കി ഞങ്ങൾ ഒരുമിച്ചു.

സച്ചിക്കോ ഇപ്പോൾ പാരീസിലെ അറിയപ്പെടുന്ന ടെക്സ്റ്റൈൽ ഡിസൈനറാണ്. മകൻ അഗ്നിശർമന്റെ യാത്രകൾ അമ്മയിൽ നിന്നു കിട്ടിയ സംഗീതത്തിലൂടെയായിരുന്നു. വെസ്റ്റേൺ മ്യൂസിക്കിൽ തന്റേതായ ഇടം കണ്ടെത്തിക്കഴിഞ്ഞു ഇദ്ദേഹം. അഗ്നിശർമൻ ജീവിതസഖിയാക്കിയതു ഫ്രഞ്ച്കാരി ഫെലീസിയെ.



കലാധരൻ

ലോകത്തിന്റെ ഏതു അറ്റത്തു നടക്കുന്ന കാര്യവും ഇൻർനെറ്റിലൂടെ ഏതു സമയത്തും വിരൽ ത്തുമ്പിലുണ്ട്. പന്ത്രണ്ടു മണിക്കൂർ മാത്രം മതി പാരീസിൽ നിന്നും കേരളത്തിലേക്ക്. കേരളത്തിലേക്കു തിരിച്ചു വരുമോ എന്ന ചോദ്യത്തിനു നാരായണന്റെ മറുപടി ഇങ്ങനെ. ഒരു പക്ഷേ മുപ്പതു കൊല്ലങ്ങൾക്കു മുൻപു ചിന്തിച്ചിരുന്നെങ്കിൽ ഞാൻ തിരിച്ചു വരുമായിരുന്നു, പാലക്കാടുണ്ടാകുമായിരുന്നു താൻ. അപ്പോഴും നാരായണൻ സമ്മതിക്കുന്നു, നാടിനെക്കുറിച്ചാലോചിക്കുമ്പോൾ നെസ്റ്റാൾജിക് ഫീലുണ്ട്. ബന്ധങ്ങൾ മാത്രമല്ല, ഇത്തരം ചില സൗഹൃദങ്ങളും മനസിനെ പിടിച്ചു വലിക്കുന്നുണ്ട് ഈ മണ്ണിലേക്ക്...ഓർമകളുടെ നിറക്കൂട്ടുകൾ ചിത്രങ്ങൾ വരച്ചിട്ടിരിക്കുന്ന ഈ മണ്ണിലേക്ക്...







